# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ഫെബ്രുവരി 08 ചൊവ്വ 2022

Volume:2, Issue: 03

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


**ഇലവുങ്കൽ ജംഗ്ഷൻ - തുടിമരംകൊല്ലി റോഡ്**

## നീണ്ട 50 വർഷത്തെ കാത്തിരിപ്പാണ്...

**ആര്യ പ്രസന്നകുമാർ**

അയ്യൻകുന്ന്: പാലത്തുംകടവ് വാർഡ് ഇലവുങ്കൽ ജംഗ്ഷൻ - തുടിമരംകൊല്ലി റോഡ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ ഉദ്ഘാടനം ചെയ്തു. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായാണ് റോഡ് നിർമിച്ചത്. 22 വീട്ടുകാരുടെ 50 വർഷത്തിലേറെയായുള്ള യാത്രാക്ളേശത്തിന് ശാശ്വത പരിഹാരമാണ് നിർമാണം പൂർത്തിയാക്കിയ ഇലവുങ്കൽ ജംഗ്ഷൻ - തുടിമരംകൊല്ലി റോഡ്.

തൊഴിലുറപ്പ് പണിക്കാരും സ്കിൽഡ് വർക്കേഴ്സും ചേർന്ന് ആദ്യ 250 മീറ്റർ റോഡിന്റെ നിർമാണ പ്രവൃത്തിയാണ് പൂർത്തീകരിച്ചത്. 2019-ൽ ടെൻഡർ നടപടികൾ പൂർത്തിയായിരുന്നെങ്കിലും കോവിഡ് പ്രതിസന്ധികൾ മൂലം നിർമാണം വൈകുകയായിരുന്നു.

'പ്രദേശവാസികളുടെ ബുദ്ധിമുട്ട് കണക്കിലെടുത്താണ് പഞ്ചായത്തിന്റെ രജിസ്റ്ററിൽ പേരില്ലാത്ത റോഡിന്റെ പണി തൊഴിലുറപ്പ് പദ്ധതിയിലൂടെ പൂർത്തീകരിച്ചത്'. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ മേരി റെജി പറഞ്ഞു.

'22 വീടുകളാണ് ഇലവുങ്കൽ ജംഗ്ഷൻ മുതൽ തുടിമരംകൊല്ലി വരെയുള്ള 440 മീറ്ററിലുള്ളത്. ഈ റോഡിലെ 250 മീറ്റർ ഭാഗം ഇപ്പോൾ കോൺക്രീറ്റ് ചെയ്തു. ഇത് പത്തോളം വീട്ടുകാർക്ക് പൂർണമായും ബാക്കിയുള്ളവർക്ക് ഭാഗിക ആശ്വാസവുമാണ്. ഇനിയുള്ള 190 മീറ്റർ റോഡ് പണിക്ക് ജോൺ ബ്രിട്ടാസ് എം പി യുടെ ഫണ്ടിൽ നിന്നും 20 ലക്ഷം അനുവദിച്ചിട്ടുണ്ട്. അതിനാൽ പൂർത്തിയാക്കാനുള്ള പണി ഉടൻ തന്നെ ആരംഭിക്കും'. പാലത്തുംകടവ് വാർഡ് മെമ്പർ ബിജോയ് പ്ലാത്തോട്ടത്തിൽ പറഞ്ഞു.

'തിരുവിതാംകൂറിൽ നിന്ന് കുടിയേറി വരുമ്പോൾ ഈ പരിസര പ്രദേശങ്ങളിൽ ഒരു റോഡ് പോലും ഉണ്ടായിരുന്നില്ല. പിന്നീട് ചരൾ-പാലത്തുംകടവ് റോഡ് വന്നു. 50 കൊല്ലത്തിലധികമായി ഇലവുങ്കൽ ജംഗ്ഷൻ - തുടിമരംകൊല്ലി ഭാഗത്ത് ജനവാസമുണ്ട് എന്നാൽ, ഇതുവരെ നല്ല വഴി ഉണ്ടായിരുന്നില്ല. ഇടയ്ക്ക് വഴി വീതി കൂട്ടിയിരുന്നെങ്കിലും വാഹന യാത്ര സാധ്യമല്ലായിരുന്നു. റോഡിനുവേണ്ടി കുറേയധികം ശ്രമിച്ചിരുന്നു. ഇപ്പോഴാണ് നാട്ടുകാരുടെയും ഗവൺമെന്റിന്റെയും സഹകരണത്തോടെ റോഡ് സാധ്യമായത്. മുതിർന്നവർ മാത്രമല്ല ചെറിയ കുട്ടികൾ വരെ റോഡിനുവേണ്ടി അധ്വാനിച്ചിട്ടുണ്ട്'. പ്രദേശവാസി പീറ്റർ പാലക്കൽ പറഞ്ഞു .



പണി പൂർത്തിയായ ഇലവുങ്കൽ ജംഗ്ഷൻ - തുടിമരംകൊല്ലി റോഡ്

'റോഡില്ലാതിരുന്നതിനാൽ അടിയന്തര ആവശ്യങ്ങൾക്ക് വലിയ ബുദ്ധിമുട്ട് നേരിടേണ്ടി വന്നിരുന്നു. രോഗികളെ ആശുപത്രിയിലെത്തിക്കുന്നതും വീടുപണിക്കാവശ്യമുള്ള സാധനങ്ങൾ കൊണ്ടുവരുന്നതും തലച്ചുമടായിട്ടായിരുന്നു. ഇലവുങ്കൽ ജംഗ്ഷനിൽ നിന്നും നൂറ് രൂപയിലധികം കൊടുത്തായിരുന്നു ഗ്യാസ്കുറ്റി വീടുകളിലെത്തിച്ചിരുന്നത്'. പ്രദേശവാസി ജോജോ തോമസ് പറഞ്ഞു.

'തൊഴിലുറപ്പ് പണിക്കാരും പ്രദേശവാസികളും കൂടി 11 ദിവസം, രാവിലെ 6 മണി മുതൽ രാത്രി 11 വരെ എടുത്ത അധ്വാനത്തിന്റെ ഫലമാണ് ഈ റോഡ്. റോഡുപണി പൂർത്തിയായെങ്കിലും സ്കിൽഡ് പേഴ്സൺമാരായി പണി എടുത്ത പന്ത്രണ്ടോളം പ്രദേശവാസികൾക്ക് ഇതുവരെ പണിക്കൂലി ലഭിച്ചിട്ടില്ല. തൊഴിലുറപ്പ് പണിക്കാർക്ക് അഞ്ച് ദിവസത്തെ കൂലി മാത്രമാണ് ലഭിച്ചത്. അതിന് ഇനിയൊരു പരിഹാരമുണ്ടാകണം'. പ്രദേശവാസിയും ഹരിതകർമസേന പ്രവർത്തകയും ആയ നയന ജയിൻ പറഞ്ഞു.

## കരിക്കോട്ടക്കരി വില്ലേജ് ഓഫീസ് സുസജ്ജമായി

**അനുഗ്രഹ ആൻ ജോർജ്**

കരിക്കോട്ടക്കരി പുതിയ വില്ലേജ് ഓഫീസിന്റെ പ്രവർത്തനോദ്ഘാടനം ജില്ലാകളക്ടർ എസ് ചന്ദ്രശേഖർ ഐ എ എസ് ഫെബ്രുവരി 1 ന് നേറ്റിവിറ്റി സർട്ടിഫിക്കറ്റ് കൈമാറി കൊണ്ട് നിർവ്വഹിച്ചു. പേരാവൂർ നിയോജക മണ്ഡലം എം എൽ എ അഡ്വ. സണ്ണി ജോസഫ് കരിക്കോട്ടക്കരി വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമാകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

'വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്ന ഇ-ഡിസ്ട്രിക്റ്റ് പോർട്ടലും, ഭൂനികുതിയുമായി ബന്ധപ്പെട്ട റെലിസ് (ReLIS-റെവന്യു ലാന്റ് ഇൻഫൊർമേഷൻ സിസ്റ്റം) പോർട്ടലും പൂർണ്ണമായി സജ്ജമായി. ആറളം വില്ലേജിലെ 279 എന്ന സർവ്വേ നമ്പരിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ പുതിയ വില്ലേജിലേക്ക് മാറ്റുന്ന നടപടികൾ ഉടൻ പൂർത്തിയാക്കും. അയ്യൻകുന്ന് വില്ലേജിലെ 1293 എന്ന സർവ്വേ നമ്പർ പുതിയ വില്ലേജിലേക്ക് ഉൾപ്പെടുത്തുന്ന പ്രവർത്തനങ്ങൾ റീസർവ്വേ നടപടികളുടെ പുരോഗതിക്കനുസരിച്ച് നടക്കും'. വില്ലേജ് അസിസ്റ്റന്റ് ബിജു ടി ജോൺ പറഞ്ഞു.

അയ്യൻകുന്ന് പഞ്ചായത്തിലെ എടപ്പുഴ, പൂവത്തോട്, കരിക്കോട്ടക്കരി, കമ്പനിനിരത്ത്, ഈന്തുംകരി, വലിയപറമ്പുകരി വാർഡുകൾ പൂർണ്ണമായും, ആനപ്പന്തി, മുണ്ടയാംപറമ്പ് വാർഡുകളുടെ ഭാഗിക പ്രദേശങ്ങളും ആറളം പഞ്ചായത്തിന്റെ മാഞ്ചോട്, വിയറ്റ്നാം, എടൂർ വാർഡുകളുമാണ് പുതിയ വില്ലേജിന്റെ പരിധി പ്രദേശങ്ങൾ.

'കരിക്കോട്ടക്കരി മേഖല വികസന സമിതിയുടെ നേതൃത്വത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തെ പരിശ്രമങ്ങളുടെ ഫലമാണ് കരിക്കോട്ടക്കരി വില്ലേജ് ഓഫീസ്'. വികസനസമിതി കൺവീനർ ബിജു വർഗ്ഗീസ് ഇളപ്പുങ്കൽ പറഞ്ഞു.


പുതിയ വില്ലേജ് ഓഫീസിന്റെ പ്രവർത്തനോദ്ഘാടനം ജില്ലാകളക്ടർ എസ് ചന്ദ്രശേഖർ ഐ എ എസ് നിർവ്വഹിക്കുന്നു

'കരിക്കോട്ടക്കരി നിവാസികളുടെ ദീർഘകാല ആവശ്യം പരിഗണിച്ചുകൊണ്ടാണ് അയ്യൻകുന്ന് വില്ലേജ് ഓഫീസ് വിഭജിച്ച് കരിക്കോട്ടക്കരി ആസ്ഥാനമായി പുതിയ ഓഫീസ് അനുവദിച്ചത്. പ്രാരംഭഘട്ടത്തിൽ നികുതി അടവ് മുതലായ ചെറിയ സേവനങ്ങൾ നൽകിയിരുന്ന ഓഫീസിൽ ഇനിമുതൽ എല്ലാവിധ സേവനങ്ങളും ലഭ്യമാണ്'. കരിക്കോട്ടക്കരി വില്ലേജ് ഇൻ ചാർജ് സി പി പ്രസാദ് പറഞ്ഞു.

പേരാവൂർ എം എൽ എ അഡ്വ. സണ്ണി ജോസഫ്, കണ്ണൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ വേലായുധൻ, അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ, ആറളം പഞ്ചായത്ത് പ്രസിഡന്റ് കെ പി രാജേഷ് എന്നിവർ പങ്കെടുത്തു.

## വരകളുടെ പിക്കാസോ

**ഹർഷ കെ വി**

ഒരു ചിത്രത്തിന് ആയിരം വാക്കുകളുടെ വിലയുണ്ട്. തന്റെ വികാരങ്ങളെയും ആശയങ്ങളെയും കാൻവാസുകളിലൂടെ വരച്ചുകാട്ടി വിസ്മയം തീർക്കുകയാണ് ഓരോ ചിത്രകാരനും ചെയ്യുന്നത്. ബോട്ടിലുകളിലും കാൻവാസുകളിലും ചിത്രരചനയുടെ മായിക ലോകം തീർക്കുകയാണ് ആരോൺ എന്ന പതിനൊന്നു വയസ്സുകാരൻ. ചുറ്റുമുള്ള എന്തിനേയും നിരീക്ഷിച്ച് തന്റെ ജൻമസിദ്ധമായ കഴിവിലൂടെ വരച്ചിടുകയാണ് വാണിയപ്പാറ കുന്നുമ്മേൽ വീട്ടിൽ ജയ്സൺന്റെയും ടെസ്സിയുടെയും രണ്ടാമത്തെ മകൻ ആരോൺ ടെസ്സി ജെയ്സൺ. ബോട്ടിലുകളിലെയും കാൻവാസുകളിലെയും ചിത്രരചനയ്ക്ക് പുറമെ ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് ആരോൺ നിർമ്മിച്ച സ്റ്റിൽ മോഡലുകളും കാഴ്ചക്കാരുടെ ശ്രദ്ധയാകർഷിക്കുന്നു.

തന്റെ മൂന്നാമത്തെ വയസ്സുമുതൽ ചിത്രരചനയിൽ അഭിനിവേശം പ്രകടിപ്പിച്ചിരുന്ന ആരോൺ ഈ ചെറുപ്രായത്തിനുള്ളിൽ തന്നെ മിക്കി മൗസ്, ചോട്ടാ ബീം, ബുദ്ധൻ, മനുഷ്യ രൂപങ്ങൾ, മരങ്ങൾ തുടങ്ങി നൂറിലേറെ ബോട്ടിൽ ആർട്ടുകൾ ചെയ്തിട്ടുണ്ട്. പേപ്പർ, കാർഡ്ബോർഡ്, പെയിന്റ് തുടങ്ങിയവ ഉപയോഗിച്ച് വീടുകൾ, കമ്പ്യൂട്ടർ, വാഹനങ്ങൾ, ഏറുമാടം തുടങ്ങിയവയുടെ സ്റ്റിൽ മോഡലുകളും നിർമിച്ച് കഴിവ് തെളിയിച്ച് കഴിഞ്ഞു.

'യൂട്യൂബും ഫോട്ടോസും നോക്കിയും, സ്വന്തം ഭാവനയിൽ നിന്നുമാണ് ആരോൺ എല്ലാ കലാസൃഷ്ടികളും ചെയ്യുന്നത്. അവനു വേണ്ട എല്ലാ പ്രോത്സാഹനങ്ങളും സഹായങ്ങളും നൽകാൻ കഴിയുന്നതിൽ വളരെയേറെ സന്തോഷമുണ്ട്'. ആരോണിന്റെ കഴി വുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന അയൽപക്കത്തെ ശ്രീ ദേവിയമ്മ പറഞ്ഞു.

അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് സ്കൂളിലെ അഞ്ചാം തരം വിദ്യാർത്ഥിയായ ആരോൺ ചിത്രരചനയിൽ മാത്രമല്ല ഡാൻസ്, സ്പോർട്സ് മത്സരങ്ങളിലേയും സജീവ സാന്നിധ്യമാണ്. വല്ല്യപ്പച്ചൻ ഐപ്പും, പിതാവ് ജെയ്സണും, സൗദിയിൽ ലാബ് ടെക്നീഷ്യനായി ജോലി ചെയ്യുന്ന അമ്മ ടെസ്സിയും, സഹോദരൻ അമാഡോയും, ശ്രീദേ വിയമ്മയും ആരോണിനു പ്രോത്സാഹനം നൽകി ഒപ്പമുണ്ട്.



# എഡിറ്റോറിയൽ

## മലയിറങ്ങേണ്ടിവരുന്ന മലയോര ജനത

മലയോര ജനതക്ക് സമ്പന്നവും സാഹസികവുമായ ഒരു ചരിത്രം മാത്രമല്ല സന്ദിഗ്ധമായ ഒരു വർത്തമാനവുമുണ്ട്. മണ്ണിനോടും മലമ്പനിയോടും മല്ലിട്ടു കുടിയേറ്റമേഖലയെ വിലപ്പെട്ട വിളഭൂമിയാക്കി മാറ്റി കേരളത്തിന്റെ മുഖഛായ തന്നെ മാറ്റിയവരാണ് കുടിയേറ്റ കർഷകർ. കാടും മലയും പുഴയും താണ്ടി ഉപജീവനത്തിനായി മലബാറിലേക്ക് കുടിയേറിയ ജനതയെ പറ്റി പറയുമ്പോൾ ആദ്യകാല സംരംഭങ്ങളും പ്രസ്ഥാനങ്ങളും കൂടിയാണ് ഓർമയിൽ വരുന്നത്. എങ്കിലും കാലം കഴിയുന്തോറും സങ്കീർണമാകുന്ന പ്രശ്നങ്ങളിലേക്കാണ് അവരുടെ ജീവിതം വിരൽ ചൂണ്ടുന്നത്.

കേരളം ഇന്ന് റോഡ് വികസനത്തിന്റെ അങ്ങേയറ്റം എത്തി നില്ക്കുമ്പോഴും ഒരു പറ്റം മലയോര ജനതക്ക് അത് അപ്രാപ്യമാണ് എന്നത് ഞെട്ടലുളവാക്കുന്നു. സൗകര്യമുള്ള ഒരു റോഡിനായി 50 വർഷം കാത്തിരുന്ന തുടിമരം കൊല്ലി നിവാസികളുടെ കഥ ഒറ്റപ്പെട്ട സംഭവമല്ല. വാഹനങ്ങൾക്ക് വരാൻ പറ്റാത്ത ഇടുങ്ങിയ വഴി ആയതിനാൽ  ഗ്യാസുകുറ്റി മുതൽ വീടുപണിക്കും മറ്റ് ആവശ്യങ്ങൾക്കും വേണ്ട സാധനങ്ങൾ വരെ ചുമന്നു കയറ്റി കൊണ്ടിരുന്ന തുടിമരംകൊല്ലി നിവാസികൾക്ക് ആശ്വാസമായത് തൊഴിലുറപ്പുകാരും പ്രദേശവാസികളും ചേർന്ന് നിർമിച്ച കോൺക്രീറ്റ് റോഡാണ്. ഇതിനു മുമ്പ് അത്യാവശ്യമായി ആശുപത്രിയിൽ എത്തിച്ചേരേണ്ട സാഹചര്യത്തിൽ പോലും നടപ്പാതയായിരുന്നു അവർക്ക് ആശ്രയം. ഇനിയും വീട്ടിലേക്കൊരു വഴി എന്നത്   സ്വപ്നം മാത്രമായവർ ഉണ്ടെന്ന യാഥാർത്ഥ്യം നമ്മുടെ വികസനങ്ങളുടെ ഫലപ്രാപ്തിയെയാണ് ചോദ്യം ചെയ്യുന്നത്.ഒന്നോ രണ്ടോ കടകൾ ഉണ്ടായിരുന്നിടത്തുനിന്നും നിരവധി സ്ഥാപനങ്ങളും ബഹുനില കെട്ടിടങ്ങളുമായി മലയോരം പുരോഗമനത്തിന്റെ പാതയിലേക്ക് മാറിയിട്ടുണ്ടെങ്കിലും ഈ വളർച്ച എത്രത്തോളം എന്ന് പരിശോധിച്ചറിയേണ്ടിയിരിക്കുന്നു.

കാടിറങ്ങിവരുന്ന ആനയുടെ സുരക്ഷയെ കുറിച്ച് വേവലാതിപ്പെടുന്നവർ വന്യമൃഗപ്പേടിയിൽ രാവുവെളുപ്പിക്കുന്ന മലയോര കർഷകരുടെ ദൈന്യത കാണാതെ പോകരുത്. വനസമ്പത്തും മനുഷ്യജീവനും ഒരേപോലെ സംരക്ഷിക്കപ്പെടണം. അപകട ഭീഷണി ഉയരുമ്പോൾ ഉടനടി കണ്ടെത്തുന്ന താത്കാലിക ആശ്വാസമല്ല, മറിച്ച് ശാശ്വത പരിഹാരമാണ് നമുക്ക് വേണ്ടത്. സാർവ്വത്രികമായ വികസനമാണ് വളർച്ചക്കാവശ്യം. മനുഷ്യരുടെയും ജീവജാലങ്ങളുടെയും ജീവനുഭീക്ഷണിയാവാത്ത, ഉയർച്ചയ്ക്കുതകുന്ന സുസ്ഥിരമായ വികസനം.

**എഡിറ്റർ**

# ‘കല’ കണ്ട കാഴ്ച

**റിയ റോയി**




ഡിജിറ്റൽ ക്യാമറകളും മൊബൈൽ ഫോട്ടോഗ്രഫിയും സജീവമാകുന്നതിന് ഒരുപാട് വർഷങ്ങൾക്ക് മുമ്പേ അങ്ങാടിക്കടവിനെ തന്റെ ക്യാമറക്കണ്ണിലൂടെ കണ്ടൊരു വ്യക്തിയുണ്ട്. തന്റെ ആദ്യകാല ഫിലിംക്യാമറകളിൽ അദ്ദേഹം പകർത്തിയ ചിത്രങ്ങൾ അങ്ങാടിക്കടവുകാർക്ക് കൗതുകമായിരുന്നു. കല സ്റ്റുഡിയോയിലൂടെ ജോണി തുടിയൻപ്ലാക്കൽ അങ്ങാടിക്കടവുകാരുടെയും സമീപപ്രദേശങ്ങളിലുള്ളവരുടെയും പ്രിയപ്പെട്ട നിമിഷങ്ങൾ തന്റെ മൂന്നാംകണ്ണിലൂടെ ഒപ്പിയെടുക്കാൻ തുടങ്ങിയിട്ട് 26 വർഷങ്ങളിലേറെയായി. 1995 ൽ സ്റ്റുഡിയോ ആരംഭിച്ച ഇദ്ദേഹം അങ്ങാടിക്കടവിലെ ആദ്യകാല ഫോട്ടോഗ്രഫർമാരിലൊരാളാണ്.

ഭരണങ്ങാനത്തുനിന്നും കണ്ണൂർ ജില്ലയിലെ കാഞ്ഞിരക്കൊല്ലി എന്ന മലമ്പ്രദേശത്തേക്ക് കുടിയേറി വന്ന ഒരു സാധാരണ കർഷക കുടുംബത്തിൽ ജനിച്ച ജോണി തന്റെ ബന്ധുവിന്റെ കൈയ്യിൽ നിന്നും നാനൂറ് രൂപയ്ക്ക് വാങ്ങിയ വൺടെൻ എന്ന ബേസിക്ക് മോഡൽ ക്യാമറയിലൂടെയാണ് ആദ്യമായി ഫോട്ടോഗ്രഫി മേഖലയിലേക്ക് കടന്നുവരുന്നത്. തനിക്ക് തീരെ പരിചിതമല്ലാതിരുന്ന കലയെ  നിരന്തരമായ പരിശ്രമത്തിലൂടെ കൈയ്യടക്കി. 22 ാമത്തെ വയസിൽ തന്റെ കുഞ്ഞു ക്യാമറയിൽ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും ചിത്രങ്ങൾ പകർത്തിയാണ് തുടക്കം. ഫോട്ടോഗ്രഫിയുടെ അടിസ്ഥാന പാഠങ്ങൾ ആ ക്യാമറയിലൂടെ സ്വായക്തമാക്കിയ ശേഷം കുറച്ചുകൂടി വില കൂടിയ ഇലക്ട്രോ തേർട്ടിഫൈ ക്യാമറ സ്വന്തമാക്കി.

അടുത്തുള്ള പള്ളികളിലെ പെരുന്നാളുകൾക്കും കല്യാണങ്ങൾക്കും ആളുകൾ വിളിച്ചു തുടങ്ങി. പതുക്കെ അദ്ദേഹം അങ്ങാടിക്കടവുകാരുടെ പ്രിയപ്പെട്ട ക്യാമറമാനാവുകയായിരുന്നു. ‘റീൽ ഉപയോഗിച്ച് ഫിലിം ക്യാമറയിൽ എടുത്തിരുന്ന കളർ ചിത്രങ്ങൾ ബാംഗ്ളൂർ കൊണ്ട് പോയാണ് കഴുകി പ്രിന്റ് ചെയ്തിരുന്നത്. പിന്നീട് സ്വന്തമായി പ്രിന്റിങ്ങ് പഠിക്കണമെന്ന മോഹമായി. അതിനായി പല സ്റ്റുഡിയോകളേയും സമീപിച്ചെങ്കിലും ആരും അവസരം നൽകിയില്ല. എന്നാൽ തോൽക്കാൻ തയ്യാറാവാതെ എടൂരിൽ ഞാൻ സ്വന്തമായി ഒരു സ്റ്റുഡിയൊ വാങ്ങി, അവിടെ ജോലിക്കായി ഒരു പ്രഫഷണൽ ഫോട്ടോഗ്രഫറെ നിയമിച്ച് അയാളിൽ നിന്നും പതുക്കെ കാര്യങ്ങൾ പഠിച്ചെടുത്തു’. ജോണിച്ചേട്ടൻ ഓർത്തെടുത്തു.

തലശേരിയിലെ ഒരു കളർ ലാബിൽ മൂന്ന് കൊല്ലത്തോളം ക്രിസ്ത്യൻ ആഘോഷങ്ങൾ കവർ ചെയ്യുന്ന ഫോട്ടോഗ്രഫറായി ജോലി ചെയ്തു. ആ കാലഘട്ടത്തിലാണ് മദർ തെരേസ കേരളം സന്ദർശിച്ചത്. തലശേരി ബിഷപ്പ് ഹൗസിന്റെ ക്യാമറാമാനായി അന്ന് മദർ തെരേസയുടെ ഫോട്ടോകൾ തന്റെ ക്യാമറയിൽ പകർത്താൻ സാധിച്ചത് ജീവിതത്തിലെ മറക്കാനാവാത്ത സംഭവമായി ഹൃദയത്തിൽ ജോണി ചേട്ടൻ ഇന്നും സൂക്ഷിക്കുന്നു. ശേഷം അങ്ങാടിക്കടവിൽ ഒരു കെട്ടിടം വാടകയ്ക്കെടുത്ത് പുതിയൊരു സ്റ്റുഡിയൊ ആരംഭിച്ചു. ഇന്നും 35 വർഷത്തെ അനുഭവസമ്പത്തുമായി ഈ സ്റ്റുഡിയൊ അങ്ങാടിക്കടവുകാരുടെ ആഘോഷങ്ങൾക്ക് നിറമേകുകയാണ്.

പരമ്പരാഗത ഫിലിം ക്യാമറകളിൽ നിന്നു മാറി ഡിജിറ്റൽ ക്യാമറകൾ എങ്ങും ഇടം പിടിച്ചപ്പോൾ പുതുതലമുറയ്ക്കൊപ്പം ആധുനികരീതിയിലേക്ക് തന്റെ ഫോട്ടോഗ്രഫിയും അപ്ഡേറ്റ് ചെയ്യാൻ അദ്ദേഹം മടികാണിച്ചില്ല. ഡോൺബോസ്കോ കോളേജിലെ കംമ്പ്യൂട്ടർ ലാബ് ഇൻ ചാർജായിരുന്ന ജോസ് ഒറ്റപ്ലാക്കലിൽ നിന്നും എഡിറ്റിങ്ങും ഫോട്ടോഷോപ്പുമൊക്കെ പഠിച്ചെടുക്കുകയും നൂതന ക്യാമറകളിലേക്ക് മാറുകയും ചെയ്തു.

30 വർഷത്തോളം ഓൾ കേരള ഫോട്ടോഗ്രഫി അസോസിയേഷന്റെ സജീവ അംഗമായി പ്രവർത്തിക്കുകയും ഒരു വർഷത്തോളം കണ്ണൂർ ജില്ല വൈസ് പ്രസിഡന്റായി സേവനമനുഷ്ഠിക്കുകയും ചെയ്തു.

കോവിഡിന്റെ അതിപ്രസരം സ്റ്റുഡിയോ തുറന്നു പ്രവർത്തിപ്പിക്കുന്നത് സാധ്യമല്ലാതെ വന്നപ്പോൾ അത്യാവശ്യ വർക്കുകൾക്കായ്  വീട്ടിലൊരു ഹോം സ്റ്റുഡിയോ തുറന്നു പ്രവർത്തിച്ചിരുന്നു. തന്റെ 62 ാമത്തെ വയസിലും പരമ്പരാഗത  കാർഷികവൃത്തിക്കൊപ്പം തന്റെ പാഷനായ ഫോട്ടോഗ്രഫിയും മുന്നോട്ട് കൊണ്ടുപോകുകയാണ് ജോണി. ഭാര്യ റോസമ്മയും മക്കളായ മെറിൻ, ജെറിൻ, ഷെറിൻ എന്നിവരുമടങ്ങുന്നതാണ് കുടുംബം.



*ഫോട്ടോഗ്രാഫർ ജോണി എടുത്ത ചിത്രം*

# ബൂസ്റ്റർ ഡോസ് വിതരണം ആരംഭിച്ചു

**റിം താഹി നാബം**

അങ്ങാടിക്കടവ്  പി.എച്ച്.സി.യിൽ മൂന്നാം ഡോസായ കൊവിഡ് പ്രതിരോധ ബൂസ്റ്റർ വാക്സിനേഷൻ ആരംഭിച്ചു. ആരോഗ്യ വകുപ്പ് ജീവനക്കാർ, പോലീസ്, അങ്കണവാടി ജീവനക്കാർ, ആശാ പ്രവർത്തകർ, 60 വയസ്സിനുമുകളിലുള്ളവർ  എന്നിവർക്കാണ് ബൂസ്റ്റർ ഡോസ്  നല്കുന്നത്. വാക്സിനേഷൻ തുടങ്ങി രണ്ടാഴ്ചക്കുള്ളിൽ ഓൺലൈൻ രജിസ്ട്രേഷൻ വഴി 250 പേർ വാക്സിനേഷൻ സ്വീകരിച്ചു.

രണ്ടാമത്തെ ഡോസു സ്വീകരിച്ച് ഒൻപത് മാസം കഴിഞ്ഞവർക്കാണ് ബൂസ്റ്റർ ഡോസ് നൽകുന്നത്. എട്ടാം മാസത്തിൽ കൊവിഡ് പോസിറ്റീവ് ആയവർക്ക് മൂന്നുമാസം കഴിഞ്ഞാണ് വാക്സിൻ നല്കുക. നെഗറ്റീവ് പാർശ്വഫലങ്ങൾ  ഉണ്ടാകാതിരിക്കാൻ മുൻപ് സ്വീകരിച്ച വാക്സിൻ അനുസരിച്ചാണ് ബൂസ്റ്റർ ഡോസ് നൽകുന്നത്. ഓൺലൈൻ രജിസ്ട്രേഷൻ വഴിയും ആശാവർക്കർ വഴിയും സ്ലോട്ടുകൾ ബുക്ക് ചെയ്യാവുന്നതാണ്. സെക്കന്റ് ഡോസ് എടുക്കാനുള്ളവരുടെ കണക്കുപ്രകാരമാണ് വാക്സിൻ സ്റ്റോക്ക് എത്തിക്കുന്നത്’. ഹെൽത്ത് ഇൻസ്പെക്ടർ വി വി രാജേഷ് പറഞ്ഞു.

2005, 2006, 2007 വർഷങ്ങളിൽ ജനിച്ച കുട്ടികൾക്ക് ഫെബ്രുവരി അഞ്ചാം തീയതി കോവാക്സിൻ നൽകിയിരുന്നു.



*ബൂസ്റ്റർ ഡോസ് സ്വീകരിക്കുന്ന ആരോഗ്യപ്രവർത്തക*

# ഹരിതാഭമാകാൻ അയ്യൻകുന്ന്

**ഐസയ ന്യൂമെ**

സ്വച്ച് ഭാരത് മിഷന്റെ ഭാഗമായി പഞ്ചായത്തും  പരിസരപ്രദേശങ്ങളും ഹരിതാഭമാക്കാൻ ‘ഗോ ഗ്രീൻ’ പദ്ധതിയുമായി അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്. പദ്ധതി പ്രകാരം പഞ്ചായത്തിനെ പ്ളാസ്റ്റിക് വിമുക്തവും ഹരിതാഭവുമാക്കുകയാണ് ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി വഴിയോരങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും റോഡരികിലുള്ള വീടുകൾ പൂക്കളാൽ മനോഹരമാക്കുകയും ചെയ്യും. പദ്ധതിക്ക് തുടക്കമെന്ന രീതിയിൽ ജീവനക്കാരുടെ നേതൃത്വത്തിൽ പഞ്ചായത്ത് കോമ്പൗണ്ടിനുള്ളിൽ അലങ്കാര ചെടികൾ നട്ടുപിടിപ്പിച്ച് പൂന്തോട്ടം നിർമാണം ആരംഭിച്ചു.

‘സ്വച്ച് ഭാരത് മിഷനു കീഴിലുള്ള പഞ്ചായത്തിന്റെ പ്രധാന പദ്ധതികളിൽ ഒന്നാണ് ‘ഗോ ഗ്രീൻ’ പദ്ധതി. ഇതിനു തുടക്കമായാണ് പഞ്ചായത്ത് ജീവനക്കാരായ കെ കെ ദിനേന്ദ്രന്റെയും റെജി ഫിലിപ്പിന്റെയും നേതൃത്വത്തിൽ പഞ്ചായത്തു കോമ്പൗണ്ടിൽ അലങ്കാര ചെടികൾ നട്ടുപിടിപ്പിച്ച് പൂന്തോട്ടം നിർമാണം ആരംഭിച്ചിരിക്കുന്നത്. പദ്ധതിയുടെ വിജയം പൂർണ്ണമായും ഈ മാതൃക പിന്തുടരുന്ന ജനങ്ങളുടെ സഹകരണത്തിനനുസരിച്ചാണ്. റോഡുനിർമാണം പൂർത്തിയായാലുടൻ റോഡരികിലെ വ്യാപാരികളുടെയും സമീപവാസികളുടെയും സഹകരണത്തോടെ പദ്ധതി മെഗാ രീതിയിൽ മുന്നോട്ട് കൊണ്ടുപോകും. പ്ലാസ്റ്റിക് വിമുക്ത പഞ്ചായത്ത് എന്ന പദ്ധതിപോലെ, ഈ സ്വപ്നവും സമീപഭാവിയിൽ സാക്ഷാത്കരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.’ പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.




## അറിയിപ്പുകൾ

### കേരള ഗ്രാമീൺ ബാങ്ക് അങ്ങാടിക്കടവ്

നിഷ്ക്രിയ ആസ്തിയായിട്ടുള്ള എല്ലാ ലോണുകളും മാർച്ച് 31 ന് മുൻപായി അടച്ചു തീർക്കുന്നവർക്ക് പരമാവധി ഇളവ് നൽകുന്നതാണ്.

### രക്ഷകർത്താക്കൾക്ക് വേണ്ടി ‘കരുതൽ’

‘ജീവിതം ആസ്വദിക്കാൻ കുട്ടികളെ പഠിപ്പിക്കാം’ എന്ന പേരിൽ ഓൺലൈൻ ബോധവൽക്കരണ കൂട്ടായ്മ 09/02/22 വൈകിട്ട് 7 മണിക്ക് സംഘടിപ്പിക്കുന്നു. മാറുന്ന ജീവിത സാഹചര്യം, ഓൺലൈൻ ക്ലാസുകൾ എന്നിവ നമ്മുടെ കുട്ടികളുടെ ജീവിതചര്യകളെ പോലും മാറ്റിമറിക്കുന്ന ഈ കാലഘട്ടത്തിൽ ഇരിട്ടി റെയ്ഞ്ച് പരിധിയിലെ സി.ബി.എസ്.ഇ ഉൾപ്പെടെയുള്ള പതിനെട്ട് ഹൈസ്കൂളുകളിലെ വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളെ മാത്രം ഉദ്ദേശിച്ചുകൊണ്ട് നടത്തുന്ന ഈ ഓൺലൈൻ കൂട്ടായ്മയിൽ മുഴുവൻ രക്ഷകർത്താക്കളും പങ്കെടുക്കണം.

- സജേഷ് പി.കെ,
സിവിൽ എക്സൈസ് ഓഫീസർ,
വിമുക്തി കോർഡിനേറ്റർ, ഇരിട്ടി

For private circulation only

എഡിറ്റോറിയൽ ടീം – ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റേഴ്സ്: അനിൽ തോമസ് നല്ലൂർ, സോണറ്റ് മാത്യു. | എഡിറ്റർ ഇൻ ചാർജ്: ആഷ്മി തോമസ് | സബ് എഡിറ്റേഴ്സ്: അനുഗ്രഹ ആൻ ജോർജ്, റിം താഹി നാബം, റിയ റോയി, ആര്യ പ്രസന്നകുമാർ, ഐസയ ന്യൂമെ, ഹർഷ കെ വി | ഫോട്ടോഗ്രഫേഴ്സ്: റിയ റോയി, ഐസയ ന്യൂമെ | ഡിസൈനർ: അനുഗ്രഹ ആൻ ജോർജ്